പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *73 — 25.01.2018- ൽ മറുപടിക്ക്

## അപ്നാഘർ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അനിൽ അക്കര<br>,, അടൂർ പ്രകാശ്<br>,, വി.ടി.ബൽറാം<br>,, ഷാഫി പറമ്പിൽ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (എ) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ കേരളത്തിൽ ജോലി ചെയ്യുന്ന 83000 ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇതിനകം രജിസ്ട്രേഷൻ കാർഡ് നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം എല്ലാ ജില്ലകളിലും രജിസ്ട്രേഷൻ നടന്നു വരുന്നു.<br>ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയങ്ങൾ അപ്നാഘർ പദ്ധതി വഴി നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്ന വിഷയം പരിശോധനയിലാണ്. |
| (ബി) പ്രസ്തുത തൊഴിലാളികൾ തിങ്ങിപാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത നിലവാരവും ശുചിത്വവും ഇല്ലോം പരിതാപകരമാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടു വരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.<br>ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നത് ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 03.08.2016-ൽ |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. |
| (സി) | ഇവർക്കായി ആവിഷ്കരിച്ച അപ്നാഘർ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ താമസസ്ഥലം അവർക്കായി അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പാലക്കാട് കിൻഫ്ര പാർക്കിൽ എല്ലാ സൗകര്യങ്ങളോടും കൂടി അപ്നാഘർ പദ്ധതി - പാലക്കാട് സ്കീം ആരംഭിച്ചിട്ടുണ്ട്. ഈ സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി, ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസത്തിന് അനുവദിച്ച നൽകുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | എല്ലാ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ഇ) | ഇതര സംസ്ഥാനക്കാർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവരുടെ വിവര ശേഖരണം നടത്തി ഡേറ്റാബാങ്ക് അടിയന്തരമായി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | 'ആവാസ്' എന്ന പേരിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ചിട്ടുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ ഇവരുടെ രജിസ്ട്രേഷനും വിവര ശേഖരണവും നടത്തി ഇതിനകം 83000 പേർക്ക് കാർഡ് വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ